പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1270 — 06.03.2018- ൽ മറുപടിയ്ക്ക്

## റബ്ബറിന്റെ വിലസ്ഥിരതാ ഫണ്ട്

| ചോദ്യം<br>ശ്രീ.കെ.വി.വിജയദാസ് | ഉത്തരം<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| (എ) റബ്ബർ കർഷകരെ സഹായിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്നുള്ള വിശദവിവരം നൽകുമോ ? | (എ) റബ്ബർ കർഷകരെ സംരക്ഷിക്കുന്നതിന് റബ്ബറിന് ന്യായവില ലഭ്യമാക്കുന്നതിനു വേണ്ടി റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് പദ്ധതി (RPIS) നടപ്പിലാക്കി വരുന്നു. സർക്കാർ ധനകാര്യ വകുപ്പും റബ്ബർ ബോർഡും സംയുക്തമായിട്ടാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി പ്രകാരം റബ്ബറിന് കിലോയ്ക്ക് 150-/ രൂപയാണ് താങ്ങുവില നിശ്ചയിച്ചിട്ടുള്ളത്. 2017-18 സാമ്പത്തിക വർഷത്തിൽ 500 കോടി രൂപ വകയിരുത്തിയതിൽ കർഷകർക്ക് വിതരണം പുരോഗമിച്ചു വരുന്നു. റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി 'സിയാൽ' (CIAL) മാതൃകയിൽ ഒരു കമ്പനി രൂപീകരിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) 2017-18-ൽ വില സ്ഥിരതാ ഫണ്ടിനത്തിൽ എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്നുള്ള വിശദവിവരം നൽകുമോ?<br>(സി) 2017-18-ൽ റബ്ബറിന്റെ വിലസ്ഥിരതാ ഫണ്ടിനത്തിൽ ബജറ്റിൽ പ്രഖ്യാപിച്ച അഞ്ഞൂറ് കോടി രൂപ മുഴുവൻ ഈ ഇനത്തിൽ ചെലവഴിക്കാൻ കഴിഞ്ഞിട്ടുണ്ടോ ഇല്ലെങ്കിൽ വിശദവിവരം നൽകുമോ? | (ബി) & (സി) റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് സ്കീമിനായി 2017-18-ലെ വകയിരുത്തിയ 500 കോടി രൂപയിൽ ഇതുവരെ 74.34 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. 2016-17-ലെ വിഹിതത്തിൽ നിന്നും ചെലവഴിച്ച 116.75 കോടി രൂപയിൽ 2017-18-ലെ വിഹിതത്തിൽ നിന്നും ചെലവഴിച്ച 74.34 കോടി രൂപയും ചേർത്ത് ആകെ 191.09 കോടി രൂപ 2017-18 സാമ്പത്തിക വർഷത്തിൽ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ